**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5928** **16-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മരണപ്പെടുന്ന ആളുകളെ സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണ്; വിശദമാക്കുമോ; | (എ) | മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി "സേവന" ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ പ്രാദേശിക സർക്കാരുകൾക്കും നൽകിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങൾ മുഖേന പെൻഷൻ വാങ്ങുന്നവരുടെ കാര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ട വിവരം സഹകരണ സംഘം സെക്രട്ടറി ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ അറിയിക്കേണ്ടതാണെന്നും, ബാങ്കുകൾ വഴി പെൻഷൻ വാങ്ങുന്നവരുടെ കാര്യത്തിൽ മരണ വിവരം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താവിനെ സേവന ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥ(ൻ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയും സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുമാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മരണപ്പെട്ട എത്ര ആളുകൾക്ക് മരണാനന്തരം പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടുണ്ട് ; ഈ ഇനത്തിൽ ആകെ എത്ര തുക നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് നാളിതുവരെ 7190 പേർക്ക് മരണാനന്തരം പെൻഷൻ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 4,22,66,838 രൂപ വിതരണം ചെയ്തിരുന്നു. ഇതിൽ 2,95,29,442 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ബാക്കി തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മരണവിവരം യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ചുമതലക്കാരും മരണവിവരം ലഭിച്ചിട്ടും തുടർ നടപടി യഥാസമയം സ്വീകരിക്കാത്ത ചുമതലക്കാരും വീഴ്ചക്ക് ഉത്തരവാദികളാകുന്നതാണ്. മരണാനന്തരം പെൻഷൻ നൽകിയതായി കണ്ടെത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മരണപ്പെട്ട എത്ര ആളുകൾക്ക് മരണാനന്തരം പെൻഷൻ നൽകിയതായി കണ്ടെത്തിയവയുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 144 |
| 2 | കൊല്ലം | 1917 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 399 |
| 4 | ആലപ്പുഴ | 458 |
| 5 | കോട്ടയം | 636 |
| 6 | ഇടുക്കി | 529 |
| 7 | എറണാകുളം | 634 |
| 8 | തൃശ്ശൂർ | 185 |
| 9 | പാലക്കാട് | 15 |
| 10 | മലപ്പുറം | 539 |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | 129 |
| 13 | കണ്ണൂർ | 1129 |
| 14 | കാസർകോട് | 476 |
| | ആകെ | 7190 |

സെക്ഷൻ ഓഫീസർ